**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 573** **13-10-2026-ൽ മറുപടിയ്ക്ക്**

**വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. സുമേഷ് അച്യുതൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. സണ്ണി ജോസഫ്

(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** ഇൻസുലേഷൻ ഇല്ലാത്ത അലൂമിനിയം കമ്പികൾ മാറ്റി ഇൻസുലേറ്റഡ് കേബിളുകൾ ഉപയോഗിച്ച് കെ.എസ്.ഇ.ബി. വൈദ്യുതി വിതരണം നടത്തുന്നത് ഗുണകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**മറുപടി:** വിലയിരുത്തിയിട്ടുണ്ട്.

വിതരണ ശൃംഖലയുടെ നവീകരണത്തിനും വികസനത്തിനുമായി കെ.എസ്.ഇ. ബി.എൽ നടപ്പിലാക്കിയ ദ്യുതി-1, ദ്യുതി-2, കേന്ദ്ര സർക്കാരിന്റെ RDSS പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഭൂഗർഭ കേബിളുകളും എ.ബി.സി/കവേർഡ് കണ്ടക്ടറുകളും ഉപയോഗിച്ചുള്ള ലൈൻ നിർമ്മാണം വ്യാപിപ്പിച്ചിട്ടുണ്ട്. RAPDRP പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിലെ HT ശൃംഖലയുടെ ഭൂരിഭാഗവും ഭൂഗർഭ കേബിളുകളാക്കി മാറ്റിയിട്ടുണ്ട്.

ഭൂഗർഭ കേബിളുകൾ, Aerial Bunched Conductor (ABC)/Covered Conductor എന്നിവ ഉപയോഗിച്ചുള്ള വൈദ്യുതി വിതരണം താരതമ്യേന ചെലവേറിയതും അതുവഴിയുണ്ടാകുന്ന അധിക ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കാനിടയുള്ളതുമായതിനാൽ, പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കാനാണ് കെ.എസ്.ഇ.ബി.എൽ തീരുമാനിച്ചിരുന്നത്. ഇതിന്റെ ഭാഗമായി വൃക്ഷനിബിഡ പ്രദേശങ്ങൾ, വോൾട്ടേജ് പ്രശ്നങ്ങളുള്ള മേഖലകൾ, പ്രധാന ലോഡ് സെന്ററുകൾ, മൾട്ടി-സർക്യൂട്ട് ലൈനുകൾ, ഫാഗ്-എൻഡ് ലൈനുകൾ എന്നിവയ്ക്ക് മുൻഗണന നൽകുന്നതിനാണ് ദ്യുതി-2 പദ്ധതിയുടെ മാർഗരേഖയിൽ തീരുമാനിച്ചിരുന്നത്.

2027-28 മുതൽ 2031-32 വരെ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള Dyuthi 3.0 പദ്ധതിയുടെ മാർഗനിർദ്ദേശങ്ങൾ പ്രകാരം, പുതിയ വൈദ്യുതി ലൈനുകളുടെ നിർമ്മാണം, നിലവിലുള്ള ലൈനുകളുടെ ശേഷിവർധന, റീ-കണ്ടക്ടറിംഗ് എന്നിവ ഇൻസുലേറ്റഡ് കണ്ടക്ടറുകൾ ഉപയോഗിച്ച് മാത്രം നടത്തണമെന്നും bare conductor ഉപയോഗിച്ചുള്ള പ്രവൃത്തികൾ പരിഗണിക്കേണ്ടതില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട് . 11/22 കെ.വി. ഹൈടെൻഷൻ ലൈനുകളിൽ Covered Conductor-ഉം ലോ-ടെൻഷൻ ലൈനുകളിൽ Aerial Bunched Cable-ഉം ഉപയോഗിക്കുന്നതിനാണ് നയപരമായി നിർദ്ദേശിച്ചിട്ടുള്ളത്.

**(ബി)** അപകടകരമായതും ഇടയ്ക്കിടെ മരങ്ങൾ വീണ് വൈദ്യുതി വിതരണം തടസ്സപ്പെടാൻ കാരണമാകുന്നതുമായ പഴയ കമ്പികൾ മാറ്റി, ഇൻസുലേറ്റഡ് കേബിളുകൾ വഴി കേരളത്തിലെ എല്ലാ പ്രദേശങ്ങളിലും വൈദ്യുതി വിതരണം ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

<u>**മറുപടി:**</u> വിലയിരുത്തിയിട്ടുണ്ട്.

വിതരണ ശൃംഖലയുടെ നവീകരണത്തിനും വികസനത്തിനുമായി കെ.എസ്.ഇ. ബി.എൽ നടപ്പിലാക്കിയ ദ്യുതി-1, ദ്യുതി-2, കേന്ദ്ര സർക്കാരിന്റെ RDSS പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഭൂഗർഭ കേബിളുകളും എ.ബി.സി/കവേർഡ് കണ്ടക്ടറുകളും ഉപയോഗിച്ചുള്ള ലൈൻ നിർമ്മാണം വ്യാപിപ്പിച്ചിട്ടുണ്ട്. RAPDRP പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിലെ HT ശൃംഖലയുടെ ഭൂരിഭാഗവും ഭൂഗർഭ കേബിളുകളാക്കി മാറ്റിയിട്ടുണ്ട്.

ഭൂഗർഭ കേബിളുകൾ, Aerial Bunched Conductor (ABC)/Covered Conductor എന്നിവ ഉപയോഗിച്ചുള്ള വൈദ്യുതി വിതരണം താരതമ്യേന ചെലവേറിയതും അതുവഴിയുണ്ടാകുന്ന അധിക ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കാനിടയുള്ളതുമായതിനാൽ, പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കാനാണ് കെ.എസ്.ഇ.ബി.എൽ തീരുമാനിച്ചിരുന്നത്. ഇതിന്റെ ഭാഗമായി വൃക്ഷനിബിഡ പ്രദേശങ്ങൾ, വോൾട്ടേജ് പ്രശ്നങ്ങളുള്ള മേഖലകൾ, പ്രധാന ലോഡ് സെന്ററുകൾ, മൾട്ടി-സർക്യൂട്ട് ലൈനുകൾ, ഫാഗ്-എൻഡ് ലൈനുകൾ എന്നിവയ്ക്ക് മുൻഗണന നൽകുന്നതിനാണ് ദ്യുതി-2 പദ്ധതിയുടെ മാർഗരേഖയിൽ തീരുമാനിച്ചിരുന്നത്.

2027-28 മുതൽ 2031-32 വരെ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള Dyuthi 3.0 പദ്ധതിയുടെ മാർഗനിർദ്ദേശങ്ങൾ പ്രകാരം, പുതിയ വൈദ്യുതി ലൈനുകളുടെ നിർമ്മാണം, നിലവിലുള്ള ലൈനുകളുടെ ശേഷിവർധന, റീ-കണ്ടക്റ്ററിംഗ് എന്നിവ ഇൻസുലേറ്റഡ് കണ്ടക്റ്ററുകൾ ഉപയോഗിച്ച് മാത്രം നടത്തണമെന്നും bare conductor ഉപയോഗിച്ചുള്ള പ്രവൃത്തികൾ പരിഗണിക്കേണ്ടതില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട് . 11/22 കെ.വി. ഹൈടെൻഷൻ ലൈനുകളിൽ Covered Conductor-ഉം ലോ-ടെൻഷൻ ലൈനുകളിൽ Aerial Bunched Cable-ഉം ഉപയോഗിക്കുന്നതിനാണ് നയപരമായി നിർദ്ദേശിച്ചിട്ടുള്ളത്.

**(സി)** സംസ്ഥാനത്ത് നിരവധി ഉപഭോക്താക്കൾ വീടുകളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് സന്നദ്ധമായിരിക്കുന്ന ഈ കാലഘട്ടത്തിൽ പല സ്ഥലങ്ങളിലും കെ.എസ്.ഇ .ബി.യുടെ ട്രാൻസ്ഫോർമറിന് കപ്പാസിറ്റി ഇല്ലാത്തതിനാൽ അപേക്ഷകർക്ക് ഫീസിബിലിറ്റി ലഭിക്കാത്ത ഒരു സാഹചര്യം നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>**മറുപടി:**</u> ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ട്രാൻസ്ഫോർമറിന്റെ ആകെ ശേഷിയുടെ 90% മാണ് renewable energy integration സാധ്യമാകുന്നത്. നിലവിൽ ആകെയുള്ള ഏകദേശം 1.20% ട്രാൻസ്ഫോർമറുകൾ 90% Solar threshold ൽ എത്തിയതായി കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്ത് വീടുകളിലും സ്ഥാപനങ്ങളിലും സോളാർ വൈദ്യുതി ഉൽപ്പാദനം വർധിച്ചുവരുന്ന സാഹചര്യം പരിഗണിച്ച്, കൂടുതൽ പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളെ തടസ്സരഹിതമായി ഗ്രിഡുമായി സംയോജിപ്പിക്കുന്നതിനായി 2027-28 മുതൽ 2031-32 വരെയുള്ള കാലയളവിലേക്കുള്ള Distribution Capital Investment Plan ആയ Dyuthi 3.0-ൽ ആവശ്യമായ വിതരണ ശൃംഖലാ വികസനത്തിനും വിതരണ ട്രാൻസ്ഫോർമറുകളുടെ ശേഷിവർധനയ്ക്കും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സോളാർ വൈദ്യുതി സംയോജനം മൂലം ശേഷി പരിധിയിലെത്തുന്ന Distribution Transformers കണ്ടെത്തി അവയുടെ ശേഷി വർധിപ്പിക്കുന്നതിനും Dyuthi 3.0 മാർഗ നിർദ്ദേശങ്ങളിൽ

പ്രത്യേകമായി നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, പുനരുപയോഗ ഊർജത്തിന്റെ ഗ്രിഡ് സംയോജനം സുഗമമാക്കുന്നതിനായി വിതരണ ട്രാൻസ്ഫോർമറുകളുടെ ശേഷിവർധന നടത്തുന്നതിന് എൻപത്തിയാറ് കോടി രൂപ വകയിരുത്തുന്നതും Dyuthi 3.0 മാർഗ നിർദ്ദേശങ്ങളിൽ പരിഗണനയിലുണ്ട്.

**സെക്ഷൻ ഓഫീസർ**